ഉത്തരം

(എ) 10 മിനി വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയാണ്.

(ബി) താഴെ പറയുന്ന പഞ്ചായത്തുകളിലാണ് ഇവ സ്ഥാപിക്കുന്നത്:

1. ഉള്ളൂർ
2. വർക്കല
3. ആനാട്
4. വെള്ളനാട്
5. അണ്ടൂർകോണം
6. കഠിനംകുളം
7. മറുകിൽ
8. ഉഴമലക്കൽ
9. കാട്ടാക്കട
10. ചെമ്മരുതി

(സി) പത്തു യൂണിറ്റുകൾക്ക്.

(ഡി) (ഈ) ഈ യൂണിറ്റുകളൊന്നും പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല.

(എഫ്) ഫാക്ടറി ഷെഡ്ഡുകളുടെ നിർമ്മാണം പൂർത്തിയാകാത്തതു കൊണ്ടും ചില യൂണിറ്റുകൾക്കാവശ്യമായ യന്ത്രോപകരണങ്ങൾ വന്നു ചേരാത്തതു കൊണ്ടുമാണ്.

(ജി) ഉണ്ട്.

(എച്ച്) ശ്രീമതി വിമലമ്മയ്ക്ക് ഒരു പ്രിൻറിംഗ് പ്രസ് യൂണിറ്റും, സർവ്വശ്രീ വി. ടി. രാജൻ, നടേശൻ എന്നിവർക്ക് ഓരോ റെഡിമെയ്ഡ് ഗാർമെൻറ്സ് യൂണിറ്റുകളും അനുവദിച്ചിട്ടുണ്ട്.

(ഐ) ഈ യൂണിറ്റുകൾക്കാവശ്യമുള്ള മൂലധന സമാഹരണത്തിനായുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൃത്യമായ കണക്കുകൾ പറയത്തക്ക രീതിയിൽ അവ എത്തിയിട്ടില്ല.

(ജെ) പ്രസ്സ് 1,77,750 രൂപാ റെഡിമെയിഡ് ഉടയാട നിർമ്മാണ യൂണിറ്റുകൾ 99,000 രൂപ വീതം.

പൂട്ടിക്കിടക്കുന്ന സ്പിന്നിംഗ് മില്ലുകൾ

206. [208] ശ്രീ. പി. എൻ. പദ്മസേനൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായമന്ത്രി സഭയിൽ മറുപടി നൽകുമോ :

സംസ്ഥാനത്തെ പൂട്ടിക്കിടക്കുന്ന സ്പിന്നിംഗ് മില്ലുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

ഈ മില്ലുകൾ എല്ലാംതന്നെ വളരെ വൻപിച്ച സാമ്പത്തിക തകർച്ചയിലായതു കൊണ്ട് അവ പുനഃപ്രവർത്തിപ്പിക്കുന്നതിന് വളരെയധികം പണം ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റ് ഗവൺമെൻറിന് ഇതിലേക്ക് വേണ്ട സാമ്പത്തിക ശേഷിയില്ലാത്തതുകൊണ്ടും, ഈ മില്ലുകളും ഏറ്റെടുത്തു നടത്തുവാൻ തക്ക സാമ്പത്തിക ശേഷിയുള്ള മറ്റു സംഘടനകളും ഈ സംസ്ഥാനത്ത് ഇല്ലാത്തതുകൊണ്ടും, നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷൻ ഈ മില്ലുകളും കഴിയുന്നതും വേഗം ഏറ്റെടുക്കണമെന്ന് കേന്ദ്രഗവൺമെൻറിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ കാര്യത്തിനു കേന്ദ്രഗവൺമെൻറിൻറെ തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല. കൂടാതെ ഈ സാഹചര്യത്തിൽ പൂട്ടിക്കിടക്കുന്ന മില്ലുകളും ഏറ്റെടുക്കണമെന്ന് ഇൻഡസ്ട്രിയൽ റീ കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഓഫ് ഇൻഡ്യയോടും അഭ്യർത്ഥിച്ചിട്ടുണ്ട്. തെക്കെ ഇൻഡ്യയിലുള്ള തുണി മില്ലുകൾക്ക് സാമ്പത്തിക സഹായം കൊടുക്കുന്നതിനെപ്പറ്റി വിലയിരുത്തുന്നതിനും ശുപാർശ ചെയ്യുന്നതിനുംവേണ്ടി ഇൻഡ്യാ ഗവൺമെൻറ് ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഈ കമ്മിറ്റി രൂപീകരിച്ച ഒരു സബ് കമ്മിറ്റി ഈ മില്ലുകളുടെ വിവിധ പ്രശ്നങ്ങളും പരിശോധിക്കുകയും ചില ശുപാർശകളും സമർപ്പിക്കുകയുമുണ്ടായി. ഈ ശുപാർശകളും ഗവൺമെൻറിൻറെ പരിഗണനയിലാണ്.

ചെങ്ങന്നൂർ പ്രഭുറാം സ്പിന്നിംഗ് മിൽ

207. [209] ശ്രീ. പി. എൻ. പണിക്കർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ പ്രഭുറാം സ്പിന്നിംഗ് മിൽ എന്നു മുതലാണ് പൂട്ടിക്കിടക്കുന്നത് ;

(ബി) അതു തുറന്നു പ്രവർത്തിക്കണമെന്ന് കാണിച്ച് ഗവൺമെൻറിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെൻറ് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 1975 ജൂൺ മാസം മുതൽ.

(ബി) ഉണ്ട്.

(സി) ഈ കമ്പനി ഗവൺമെൻറ് ഏറ്റെടുക്കുവാൻ സാധിക്കുമോ എന്ന് പരിശോധിച്ച് നിയമപരമായി അതിനു സാദ്ധ്യതയില്ലെന്ന് പൂർണ്ണമായി മനസ്സിലായതിനാൽ മേൽ നടപടികൾ നിറുത്തി വയ്ക്കേണ്ടിവന്നു. കമ്പനിയുടെ ബാദ്ധ്യതകൾ ആസ്തിയേക്കാൾ വളരെയധികമാണ്. കമ്പനിയുടെ പുനർപ്രവർത്തനത്തിന് വളരെയധികം പണം മുടക്കേണ്ടിവരും. അതിന് ഗവൺമെൻറിന് സാമ്പത്തിക ശേഷിയില്ലാത്തതുകൊണ്ടും കമ്പനി ഏറ്റെടുത്ത് നടത്തുവാൻ തക്ക സാമ്പത്തിക ശേഷിയുള്ള മറ്റു സംഘടനകളും ഈ സംസ്ഥാനത്ത് ഇല്ലാത്തതുകൊണ്ടും സംസ്ഥാന ഗവൺമെൻറ്, ഈ കമ്പനി നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷൻ ഏറ്റെടുക്കാൻ ഇൻഡ്യാ ഗവൺമെൻറിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ ഈ കമ്പനി ഏറ്റെടുക്കണമെന്ന് ഇൻഡസ്ട്രിയൽ റീ കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഓഫ് ഇൻഡ്യയോടും അഭ്യർത്ഥിച്ചിട്ടുണ്ട്. ഇൻഡ്യാ ഗവൺമെൻറിൻറെ മറുപടി ഇക്കാര്യത്തിൽ പതീക്ഷിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly